പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4950 30.06.2014-ൽ മറുപടിയ്ക്ക്

## സേവന സംവിധാനങ്ങൾ സ്വകാര്യവത്കരിക്കുന്നതിന് തീരുമാനം

| | ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | പൊതുജനങ്ങൾക്കായി നൽകി വരുന്ന സേവന സംവിധാനങ്ങൾ സ്വകാര്യവത്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഇതിൽ ഏതെല്ലാം പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശം അറിയിക്കുമോ ; | (ബി) | ബാധകമല്ല. |
| (സി) | ഭാരിച്ച സർവ്വീസ് ചാർജ്ജുകളും മറ്റും ഈടാക്കി ജനത്തിന് ബുദ്ധിമുട്ടുണ്ടാകാനിടയുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി ഇത്തരം സേവന സംവിധാനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കാൻ തയ്യാറാകുമോ ; നിലവിലുള്ള സർക്കാർ സംവിധാനങ്ങളെ ശാക്തീകരിച്ച് സേവന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ശ്രമമുണ്ടാകുമോ ? | (സി) | പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തി വരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങിക്കഴിഞ്ഞു. ഇപ്രകാരം സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണത്തിലൂടെയും ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും കൈവരിച്ച് സേവന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ തുടക്കമിട്ടുകഴിഞ്ഞിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ